
ശൈഖ് മുഹമ്മദ് ബ്ൻ സ്വാലിഹ് അൽഉഥൈമീൻ(റ)
പ്രവാചക
നിയോഗത്തിലെ
യുക്തി

# പ്രവാചക നിയോഗത്തിലെ യുക്തി

ശൈഖ് മുഹമ്മദ് ബ്ൻ സ്വാലിഹ് അൽഉഥൈമീൻ

അൽഹുദാ സലഫി ചാരിറ്റബിൾ ട്രസ്റ്റ്,
കായക്കൊടി.

ഖുർആൻ–ഹദീഥ് വചനങ്ങളടങ്ങു
ന്നതിനാൽ ഈകൃതി ആദരവോടെകൈ
കാര്യം ചെയ്യേണ്ടതാണ്.

(جميع الحقوق محفوظة)

ويحظر طبع أو تصوير أو ترجمة أو إعادة تنضيد الكتاب كاملا أو مجزأ أو تسجيله على أشرطة كاسيت أو إدخاله على الكمبيوتر أو برمجته على أسطوانات ضوئية إلا بموافقة خطية من المترجم.

*No Part of this book may be translated,reproduced, distributed in any form or by any means. or stored in a database or retrival system,without the prior written permission of the translator.*

*(Malayalam)*

*Pravaachaka Niyogathile Yukthi*

*Author* : *Shaik Muhammed bin Swalih AlUthaimeen,*
*Translator* : *Muhammed Kodiyathur,*
*Publishers* : *Al Huda Salafi Charitable Trust.*
*Kayakkodi- Kerala, India.*
*673519*
*Printed at* : *Orma Offset Printers, Mukkam, Kozhikode.*
*D.T.P* : *En. Clt.*
*(Rights Reserved)*

# 3

മനുഷ്യരുടെ രക്ഷയ്ക്ക് സഹായകമായ കുറ്റമറ്റ നിയമം നിർമിക്കാൻ കേവല മനുഷ്യബുദ്ധിക്ക് സാധ്യമല്ല. മനുഷ്യരുടെ ശാരീരികവും മാനസികവും ആത്മീയവുമായ കഴിവുകളെയും കഴിവുകേടുകളെയുംകുറിച്ച് സമഗ്രമായറിയുന്ന സ്രഷ്ടാവിനു മാത്രമേ അത് സാധിക്കൂ. വിവിധ കാലങ്ങളിലും സ്ഥലങ്ങളിലുമായി അല്ലാഹു നിരവധി ദൂതന്മാരെനിയോഗിച്ചതും ഗ്രന്ഥങ്ങൾ അവതരിപ്പിച്ചതും അതുകൊണ്ടാണ്.

അന്ത്യനാൾവരെയുള്ള മനുഷ്യവർഗം അല്ലാഹുവിനെ എങ്ങനെ ആരാധിക്കണമെന്നും അവന്റെ ഇഷ്ടമാർഗമേതാണെന്നും മനസ്സിലാക്കണമെങ്കിൽ, അല്ലാഹുവിന്റെ കൽപനകൾ കലർപ്പില്ലാതെ നിലനിൽക്കേണ്ടതുണ്ട്. യാതൊരു കൈകടത്തലും ഏശാത്തവിധം സുരക്ഷിതമായി നിലനിൽക്കുന്ന വിശുദ്ധ ഖുർആനുമായി അല്ലാഹു മുഹെമ്മദ് നബി(ﷺ)യെ അവസാനത്തെ ദൂതനായി നിയോഗിച്ചതിലൂടെ ഇത് സാധ്യമായിരിക്കുന്നു.

സൃഷ്ടികളിൽ നന്മവരുത്തുകയും അവർക്കുമിതെ ന്യായം സ്ഥാപിക്കുകയും ചെയ്യുകയെന്നത് ദൂതന്മാരെ നിയോഗിച്ചതിലുള്ള അല്ലാഹുവിന്റെ ഹിക്മത്തുകളിലൊന്നാണ്. "....ഞങ്ങളുടെ റബ്ബേ നീ എന്തുകൊണ്ട് ഞങ്ങളുടെ അടുത്തേക്ക് ഒരു ദൂതനെ അയച്ചുതന്നില്ല?

എങ്കിൽ ഞങ്ങൾ അപമാനിതരും നിന്ദിതരുമാവുന്നതിന് മുമ്പ് നിന്റെ ദൃഷ്ടാന്തങ്ങളെ ഞങ്ങൾക്ക് പിന്തുടരാമായിരുന്നു."(വി.ഖു.20/134) എന്ന് പരലോകത്തുവെച്ച് ജനങ്ങൾക്ക് പറയാൻ ഒരവസരമില്ലാതാക്കിയിരിക്കയാണ്.

ഈ യാഥാർത്ഥ്യം ഗ്രഹിച്ച്, മരണത്തിനു മുമ്പ് അല്ലാഹുവിന്റെ യഥാർത്ഥ ദീൻ പഠിച്ചുമനസ്സിലാക്കാനും ഖുർആനിന്റെയും കുറ്റമറ്റ നബിചര്യയുടെയും മാർഗത്തിലേക്ക് വരാനും തയാറാവുന്നവർക്കു മാത്രമേ പരലോകത്ത് രക്ഷപ്പെടാൻ കഴിയുകയുള്ളൂ.

ശൈഖ് മുഹമ്മദ്ബ്ൻ സ്വാലിഹ് അൽഉഥൈമീൻ(حفظه الله)യുടെ അൽഹിക്മതു ഫീ ഇർസാലിർറുസുൽ എന്ന ലഘുകൃതിയുടെ പരിഭാഷയാണിത്. പരിഭാഷയിൽ സൂക്ഷ്മതപുലർത്താൻ ശ്രദ്ധിച്ചിട്ടുണ്ടെങ്കിലും സ്ഖലിതം സംഭവിച്ചിട്ടുണ്ടെങ്കിൽ അത് ചൂണ്ടിക്കാണിക്കണമെന്ന് അഭിജ്ഞരായ ആളുകളോട് ആവശ്യപ്പെടുന്നു. അല്ലാഹു നമ്മുടെ തെറ്റുകൾ പൊറുത്തുതരട്ടെ. ഇതൊരു സൽകർമമായി അവൻ സ്വീകരിക്കട്ടെ. ആമീൻ.

-വിവ.

الحمد لله نحمده ونستعينه ونستغفره ونعوذ بالله من شرور أنفسنا وسيئات أعمالنا من يهده الله فلا مضل له . ومن يضلل فلا هادي له وأشهد أن لا إله إلا الله وحده لا شريك له . وأشهد أن محمدا عبده ورسوله . أرسله الله تعالى بين يدي الساعة بشيرا ونذيرا وداعيا إلى الله بإذنه وسراجا منيرا فبلغ الرسالة وأدى الأمانة ونصح الأمة وجاهد في الله حق جهاده حتى أتاه اليقين . فصلوات الله وسلامه عليه وعلى آله وأصحابه ومن تبعهم بإحسان إلى يوم الدين.

*(മുഴുവൻ മുസ്ലിംകളെയും ബാധിക്കുന്ന, മുഖ്യമായൊരു വിഷയത്തെക്കുറിച്ചാണ്-അഥവാ-അല്ലാഹു മുർസലുകളെ നിയോഗിച്ചതിലെ ഹിക്മത്തിനെക്കുറിച്ചാണ് ഇവിടെ ചർച്ച ചെയ്യാനുദ്ദേശിക്കുന്നത്. അല്ലാഹുവിനോട് സഹായംതേടുകയും ശരിയായ പാതയിലേക്കെത്തിച്ചേരാൻ അവന്റെ തൗഫീഖിനുവേണ്ടി അപേക്ഷിക്കുകയും ചെയ്തുകൊണ്ട് ഞാൻ തുടങ്ങട്ടെ.)*

അല്ലാഹു തൃപ്തിപ്പെടുന്ന വിധത്തിൽ അവന്ന് ഇബാദത്തുചെയ്യാനും സമുദായത്തിലെ വിവിധവിഭാഗങ്ങൾക്ക് യോജിച്ച രീതിയിൽ അവരെ വ്യവസ്ഥപ്പെടുത്താനുംഅവർക്ക് നിയമം നിർമിക്കാനും മനുഷ്യബുദ്ധിക്ക് സാധ്യമല്ല. കാരണം, അല്ലാഹുവിന് മാത്രമേ അക്കാര്യങ്ങളെല്ലാം സമഗ്രമായറിയൂ. അതിനാൽ, സൃഷ്ടികളിൽ നന്മവരുത്താനും അവർക്കുമീതെ ന്യാ

യം സ്ഥാപിക്കാനും വേണ്ടി അല്ലാഹു ദൂതന്മാരെ നിയമിക്കുകയും വേദഗ്രന്ഥങ്ങളവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അവന്റെ ഹിക്മത്തിന്റെയും കാരുണ്യത്തിന്റെയും ഭാഗമാണിത്. അല്ലാഹു ഇപ്രകാരം പറയുകയുണ്ടായി:

﴿ رسلا مبشرين ومنذرين لئلاّ يكون للناس على الله حجة بعد الرسل .﴾

*"സന്തോഷവാർത്തയറിയിക്കുന്നവരും താക്കീതു നൽകുന്നവരുമായ ദൂതന്മാരായിരുന്നു അവർ. ആ ദൂതന്മാർക്കു ശേഷം ജനങ്ങൾക്ക് അല്ലാഹുവിന്നെതിരിൽ ഒരു ന്യായവും ഇല്ലാതിരിക്കാൻ വേണ്ടിയാണിത്." (വി.ഖു. 4/165)*

## ദൂതന്മാരെ നിയോഗിച്ചതിലെ യുക്തി.

1. ***സൃഷ്ടികൾക്കുമീതെ ന്യായംസ്ഥാപിക്കൽ.*** അഥവാ- തങ്ങളിലേക്ക് ഒരു ദൂതനെ നിയോഗിച്ചുകൂടായിരുന്നുവോ എന്ന് സൃഷ്ടികൾക്ക് ചോദിക്കാൻ അവസരം ഇല്ലാതാക്കൽ.

﴿ لقالوا ربنا لولا أرسلت إلينا رسولا فنتبع آياتك من قبل أن نذل ونخزى ﴾

*"....ഞങ്ങളുടെ റബ്ബേ നീ എന്തുകൊണ്ട് ഞങ്ങളുടെ അടുത്തേക്ക് ഒരു ദൂതനെ അയച്ചുതന്നില്ല? എങ്കിൽ ഞങ്ങൾ അപമാനിതരും നിന്ദിതരുമാവുന്നതിന് മുമ്പ് നിന്റെ ദൃഷ്ടാന്തങ്ങളെ ഞങ്ങൾക്ക് പിന്തുടരാമായിരുന്നു." (വി.ഖു. 20/134)*

ദൂതന്മാരെ നിയോഗിക്കുകയും വ്യക്തമായ ദൃഷ്ടാന്തങ്ങൾകൊണ്ട് അവരുടെ സന്ദേശത്തെ സത്യപ്പെടുത്തുകയും ചെയ്തുകൊണ്ട് അത്തരമൊരു ന്യായവാദത്തിനുള്ള അവസരം അല്ലാഹു പാടെ ഇല്ലാതാക്കിയിരിക്കുകയാണ്.

2. *ജനങ്ങളെ അവരുടെ ദീനിലും ദുൻയാവിലും ഗുണമുള്ള കാര്യത്തിലേക്ക് വഴിതിരിച്ചുവിടുക.* എത്രതന്നെ അറിവും ബുദ്ധിയും സാമർത്ഥ്യവുമുള്ളവരാണെങ്കിലും സമുദായത്തിന് മുഴുവൻ നന്മവരുത്തുന്ന, ഓരോരുത്തർക്കും അർഹതപ്പെട്ടത് അനുവദിച്ചുകൊടുത്തുകൊണ്ട് പാരസ്പര്യവും സന്തുലനവുമുള്ള, ഒരു സമുദായമായി അതിനെ നിലനിർത്തുന്ന ഒരു പൊതുവ്യവസ്ഥ നിർമ്മിക്കാൻ മനുഷ്യരുടെ കേവല ബുദ്ധിക്ക് സാദ്ധ്യമല്ല.

നബി(ﷺ) ഇപ്രകാരം പറയുകയുണ്ടായി:

*"ഒരാൾ ഒരു വിളക്കുകത്തിച്ചു.അങ്ങനെ അത് ചുറ്റിലും പ്രകാശം പരത്തിയപ്പോൾ ഇയ്യാംപാറ്റകൾ വന്ന് അതിൽ വീഴാൻതുടങ്ങി. അയാൾ അവയെ അതിൽനിന്ന് തടയാൻശ്രമിച്ചെങ്കിലും അവ അതിജയിക്കുകയായിരുന്നു. അങ്ങനെയുള്ള ഒരു മനുഷ്യനെപ്പോലെയാണ് ഞാൻ. നിങ്ങൾ നരകത്തിൽ ആപതിക്കാൻ പോവുമ്പോൾ ഞാൻ നിങ്ങളുടെ പിൻഭാഗം പിടിച്ചുവലിച്ചുകൊണ്ടിരിക്കുകയാണ്."* *(ബുഖാരി)*

അപ്പോൾ, മുർസലുകൾ ജനങ്ങൾക്ക് ഉപദ്രവകരമായ കാര്യത്തിൽനിന്ന് അവരെ തടയുകയും ഉപകാരപ്രദമായ കാര്യത്തിലേക്ക് ക്ഷണിക്കുകയുമാണ് ചെയ്യുന്നത്.

3. *സമുദായത്തെ ഒരേ മതത്തിലും ഒരേ വ്യക്തിയിലും ഒരുമിച്ചുകൂട്ടുക.* ദൂതന്മാർക്ക് പിന്തുണയേകുന്ന തരത്തിൽ, നേരിൽ കാണുന്ന ദൃഷ്ടാന്തങ്ങൾക്ക് കീഴ്പ്പെടാനുള്ള താൽപര്യം ജനങ്ങളിൽ ശക്തമാണ്. അങ്ങനെ, ജനങ്ങൾ, ദൃഢവിശ്വാസത്തോടും ഉറച്ച ഈമാനോടും കൂടി അദ്ദേഹത്തിൽ ഒത്തുചേരുന്നതിനാൽ, നന്മയും ഇസ്‌ലാഹും ഉണ്ടായിത്തീരുന്നു.

## ദൂതന്മാരുടെ ദൃഷ്ടാന്തങ്ങൾ.

നമുക്കിടയിൽനിന്ന് ഒരാൾ വന്ന് താൻ നബിയാണെന്നും, നിർബന്ധമായും, തന്നെ അനുസരിക്കണമെന്നും, തന്നെ ധിക്കരിച്ചവന്ന് നരകവും, അനുസരിച്ചവന്ന് സ്വർഗവുമുണ്ടെന്നും പറയുന്നു. എന്നിട്ടദ്ദേഹം കുറെ നിയമങ്ങൾ ക്രോഡീകരിക്കുകയും ചര്യകൾ നടപ്പിലാക്കുകയും ചെയ്യുന്നുവെന്നിരിക്കട്ടെ.

എന്നാൽ അദ്ദേഹം എത്രതന്നെ സത്യസന്ധനും വിശ്വസ്തനുമാണെങ്കിലും, തന്റെ വാദം സത്യമാണെന്നതിന്ന് വല്ല തെളിവും കൊണ്ടുവരുന്നതുവരെ ആരും അയാളുടെ വാക്ക് വിശ്വസിക്കുകയില്ല. തെളിവുകൊണ്ടുവരാത്തപക്ഷം അയാളുടെ ക്ഷണം ആരെങ്കിലും തള്ളിയാൽ അവരെ കുറ്റംപറഞ്ഞിട്ടുകാര്യമില്ല. വാദി തെളിവു ഹാജരാക്കണമെന്നും അല്ലാത്തപക്ഷം അയാളുടെ വാക്ക് സ്വീകരിക്കേണ്ടതില്ലെന്നുമുള്ള കാര്യം ബുദ്ധിമാന്മാർക്കിടയിൽ അംഗീകരിക്കപ്പെട്ടതാണ്.

സൃഷ്ടികൾക്കുമീതെ ന്യായം സ്ഥാപിക്കുന്നതിന്റെ ഫ

ർത്തീകരണമെന്ന നിലക്ക് തന്റെ ദൂതന്മാരുടെ സത്യത തെളിയിക്കുന്നതിന്നും അവർ യഥാർത്ഥമായ തന്റെ ദൂതന്മാരാണെന്ന് തെളിയിക്കുന്നതിനും അല്ലാഹു അവർക്ക് വ്യക്തമായ ദൃഷ്ടാന്തങ്ങളുടെ പിന്തുണ നൽകിയിട്ടുണ്ട്. തന്റെ ദൗത്യം ഏറ്റെടുക്കാൻ യോഗ്യതയും അർഹതയുമുള്ള, അതിന്റെ ഭാരംചുമക്കാനും ശത്രുക്കളുടെ തന്ത്രങ്ങളിൽ ക്ഷമകൈകൊള്ളാനും കഴിവുള്ളവരായി അല്ലാഹു മനസ്സിലാക്കുന്നവരെയാണ് അവൻ ദൂതന്മാരായി തെരഞ്ഞെടുത്തിട്ടുള്ളത്.

﴿ الله يصطفى من الملائكة رسلا ومن الناس إن الله سميع بصير . ﴾

*"മലക്കുകളിൽ നിന്നും മനുഷ്യരിൽ നിന്നും അല്ലാഹു ദൂതന്മാരെ തെരഞ്ഞെടുക്കുന്നു. തീർച്ചയായും അല്ലാഹു കേൾക്കുന്നവനും കാണുന്നവനുമാകുന്നു." (വി.ഖു. 22/75)*

﴿ الله أعلم حيث يجعل رسالته ﴾

*"....എന്നാൽ അല്ലാഹുവിന് നല്ലവണ്ണം അറിയാം തന്റെ ദൗത്യം എവിടെയാണ് ഏൽപിക്കേണ്ടതെന്ന്..."(വി.ഖു. 6/124)*

സമ്പൂർണരും ശക്തരും സംസ്കാരവും കനിവും ജ്ഞാനവുമുള്ളവരുമായ പുരുഷന്മാരെയാണ് അല്ലാഹു ദൂതന്മാരായി തെരഞ്ഞെടുത്തിട്ടുള്ളത്.

﴿ وما أرسلنا من قبلك إلا رجالا نوحى إليهم من أهل القرى ﴾

*"വിവിധ രാജ്യക്കാരിൽ നിന്ന് നാം വഹ്യ് നൽകിക്കൊ*

*ണ്ടിരുന്ന ചില പുരുഷന്മാരെതന്നെയാണ് നിനക്ക് മുമ്പും നാം ദൂതന്മാരായി നിയോഗിച്ചിട്ടുള്ളത്..."* *(വി.ഖു. 12/109)*

أهل القرى എന്നാൽ أهل المدن എന്നാണർത്ഥം. മക്കയെ അല്ലാഹു قرية എന്ന് വിളിച്ചിരിക്കുന്നു. അല്ലാഹു പറയുന്നത് നോക്കൂ:

﴿ وكأين من قرية هي أشد قوة من قريتك التى أخرجتك ﴾

*"നിന്നെ പുറത്താക്കിയ നിന്റെ രാജ്യത്തേക്കാൾ ശക്തിയേറിയ എത്രയെത്ര രാജ്യങ്ങൾ!"* *(വി.ഖു. 47/13)*

മക്കയെ أم القرى എന്നും വിളിച്ചിട്ടുണ്ട്.

﴿ لتنذر أم القرى ومن حولها ﴾

*" ഉമ്മുൽ ഖുറാ(മക്ക)യിലുള്ളവർക്കും അതിന് ചുറ്റുമുള്ളവർക്കും നീ താക്കീതുനൽകുവാൻ വേണ്ടിയും..."*

*(വി.ഖു. 42/7)*

തന്റെ ദൗത്യത്തിന്റെ സത്യതക്ക് ദൃഷ്ടാന്തങ്ങൾ കൊണ്ട് പിൻബലമേകാതെ അല്ലാഹു ഒരു ദൂതനേയും നിയോഗിച്ചിട്ടില്ല.

﴿ لقد أرسلنا رسلنا بالبينات ﴾

*"തീർച്ചയായും നാം നമ്മുടെ ദൂതന്മാരെ വ്യക്തമായ ദൃ*

*ഷ്ടാന്തങ്ങളുമായി നിയോഗിച്ചിരിക്കുന്നു."* (വി.ഖു. 57/25)

നിയുക്തദൂതൻ കൊണ്ടുവന്ന കാര്യത്തിന്റെ സത്യത യിൽ സംശയത്തിന് ഒരിടവും നൽകാത്തവിധം വ്യക്തമായ ദൃഷ്ടാന്തങ്ങളായിരുന്നു അവ.

റസൂൽ(ﷺ) ഇപ്രകാരം പറയുകയുണ്ടായി:

﴿ما من نبي من الأنبياء إلا قد أعطي من الآيات ما آمن على مثله البشر﴾

*"മനുഷ്യർക്ക് വിശ്വസിക്കാവുന്ന തരത്തിലുള്ള ദൃഷ്ടാ ന്തങ്ങൾ ഒരൊറ്റ നബിക്കും നൽകാതിരുന്നിട്ടില്ല."*

*(ബുഖാരി, മുസ്‌ലിം.)*

ദൂതന്മാരെ ദൃഷ്ടാന്തങ്ങൾകൊണ്ട് പിന്തുണക്കുകയെ ന്നത് അല്ലാഹുവിന്റെ ഉത്തമമായ ഹിക്മത്തിന്റെയും അടിമക ളോടുള്ള റഹ്മത്തിന്റെയും ഭാഗമാണ്. ജനങ്ങൾ ദൂതന്മാരുടെ കാര്യത്തിൽ ആശയക്കുഴപ്പത്തിലകപ്പെടാതിരിക്കാൻ വേണ്ടി യാണിത്.

മുർസലുകളുടെ ഇത്തരത്തിലുള്ളദൃഷ്ടാന്തങ്ങൾ അ നിവാര്യമായും മനുഷ്യകഴിവിന്നപ്പുറത്തുള്ളതായിരിക്കണം. മനുഷ്യ കഴിവിൽപെട്ടതാണെങ്കിൽ പ്രവാചകത്വം വാദിക്കാനും അത്തരം ദൃഷ്ടാന്തങ്ങൾകൊണ്ടുവരാനും ആർക്കും സാധി ക്കുമല്ലോ. മുർസലുകളുടെ ദൃഷ്ടാന്തങ്ങളാകട്ടെ മനുഷ്യർക്കാ ർക്കും കൊണ്ടുവരാൻ കഴിയാത്ത തരത്തിലുള്ളതാണ്. അവർ നിയുക്തമായ സമൂഹങ്ങളിൽ നിലനിന്ന ഏറ്റവും മികച്ച ഇനങ്ങ

ളാണ് വലിയ വലിയ ദൃഷ്ടാന്തങ്ങളായിട്ടുണ്ടായിരുന്നതെന്ന് പണ്ഡിതന്മാർ പറഞ്ഞിട്ടുണ്ട്. അതിന്ന് മൂസാനബിയുടെയും ഈസാനബിയുടെയും മുഹമ്മദ്(ﷺ)യുടെയും ഉദാഹരണങ്ങൾ നൽകിയിട്ടുണ്ട്.

മാരണവിദ്യ ഏറ്റവും ഉന്നതിയിലെത്തിയ ഒരു കാലഘട്ടത്തിലാണ് മൂസാ(عليه السلام) നിയുക്തനാവുന്നത്. അപ്പോൾ മൂസാനബി കൊണ്ടുവന്ന ഏറ്റവും വലിയ ദൃഷ്ടാന്തം മാരണവിദ്യക്കാരുടെ മുഴുവൻ പ്രവർത്തനങ്ങളെയുംഅതിജയിക്കുന്ന തരത്തിലുള്ളതായിരുന്നു. ബാഹ്യമായി മാരണവിദ്യയോട് സാദൃശ്യംതോന്നാമെങ്കിലും യഥാർത്ഥത്തിൽ അദ്ദേഹത്തിന്റേത് തികച്ചും വ്യത്യസ്തമായ ഒന്നായിരുന്നു. അദ്ദേഹം കൊണ്ടുവന്നത് നേരിൽ കാണുന്ന യാഥാർത്ഥ്യമായിരുന്നു; മാരണവിദ്യക്കാരുടേത് അയഥാർത്ഥവും. അവരുടേത്, കാഴ്ചയിൽ യാഥാർഥ്യമാണെന്ന് തോന്നിപ്പിക്കുക മാത്രമായിരുന്നു ചെയ്തിരുന്നത്. മൂസാനബി തന്റെ കൈയിലുണ്ടായിരുന്ന വടി താഴെയിടുമ്പോൾ പാമ്പായി മാറുകയും അതിനെ കൈയിലെടുക്കുമ്പോൾ വീണ്ടുമത് വടിയായി മാറുകയും ചെയ്യുമായിരുന്നു. അദ്ദേഹം തന്റെ കൈ, കക്ഷത്തുവെച്ച് പുറത്തെടുക്കുമ്പോൾ വെള്ളപ്പാണ്ഡോ മറ്റു അസുഖങ്ങളോ ഇല്ലാതെത്തന്നെ അത് വെള്ളയായി കാണിക്കപ്പെടുമായിരുന്നു. അല്ലാഹുവിൽ വിശ്വസിക്കാനുള്ളക്ഷണവുമായി ഫറോവയെ സമീപിച്ചപ്പോൾ അദ്ദേഹം ഈ രണ്ട് ദൃഷ്ടാന്തങ്ങളും ഫറോവക്കുമുമ്പിൽ കാണിക്കുകയുണ്ടായി. പക്ഷേ, അവ കണ്ടിട്ടും മൂസാ(عليه السلام)യിൽ വിശ്വസിക്കാതെ ഫറോവ അഹങ്കരിക്കുകയായിരുന്നു. അങ്ങനെ അവ

ൻ തന്റെ ആളുകളോട് പറഞ്ഞു:

﴿ إن هذا لساحر عليم يريد أن يخرجكم من أرضكم بسحره فماذا تأمرون ﴾

*"തീർച്ചയായും ഇവൻ വിവരമുള്ള ഒരു ജാലവിദ്യക്കാരൻ തന്നെയാണ്. തന്റെ ജാലവിദ്യകൊണ്ട് നിങ്ങളുടെ നാട്ടിൽ നിന്ന് നിങ്ങളെ പുറത്താക്കാൻ അവൻ ഉദ്ദേശിക്കുന്നു. അതിനാൽ, നിങ്ങൾ എന്താണ് നിർദ്ദേശിക്കുന്നത്?" (വി.ഖു. 26/34-35)*

മാരണംകൊണ്ട്, തന്നെ അതിജയിക്കുമെന്നു പറഞ്ഞ ഫറോവ ജനങ്ങൾക്കുമുമ്പിൽ മാരണവിദ്യക്കാരെ ഒരുമിച്ചുകൂട്ടുകയും ഫറോവയുടെ പ്രതാപംകൊണ്ട് തങ്ങൾ വിജയിക്കുമെന്ന് വീരവാദം മുഴക്കിക്കൊണ്ട് മാരണവിദ്യക്കാർ വടികളും കയറുകളും നിലത്തിടുകയും ചെയ്തപ്പോഴും മൂസാ(عليه السلام) തന്റെ വടി നിലത്തിട്ടിരുന്നു. മാരണവിദ്യക്കാർ തങ്ങളുടെ വടികളും കയറുകളും നിലത്തിട്ടപ്പോൾ പ്രത്യക്ഷത്തിൽ അവ ചലിക്കുന്നതായി ജനങ്ങൾക്ക് തോന്നി. അങ്ങനെ അല്ലാഹുവിന്റെ കൽപനപ്രകാരം മൂസാ(عليه السلام) തന്റെ വടി താഴെയിട്ടപ്പോൾ അത് പാമ്പായി മാറുകയും അവരുടെ ആ കയറുകളെയും വടികളേയും പിടിച്ചുവിഴുങ്ങാൻ തുടങ്ങുകയുമുണ്ടായി. അഗ്രഗണ്യന്മാരായിരുന്നു ആ മാരണവിദ്യക്കാർ. പക്ഷെ, മൂസാനബിയുടേത് മാരണവിദ്യയല്ലെന്നും മനുഷ്യകഴിവിന്നതീതമായ കാര്യമാണെന്നും അവർ തിരിച്ചറിഞ്ഞു.

﴿ وألقي السحرة ساجدين قالوا آمنا برب العالمين رب موسى وهارون ﴾

*"അപ്പോൾ ജാലവിദ്യക്കാർ സുജൂദിലായി വീണു. അവർ പറഞ്ഞു; റബ്ബുൽആലമീനിൽ ഞങ്ങളിതാ വിശ്വസിച്ചിരിക്കുന്നു. അതായത് മൂസാ(عليه السلام)യുടെയും ഹാറൂന്റെ(عليه السلام)യും റബ്ബിൽ."* *(വി.ഖു. 26/46-48)*

അതുപോലെത്തന്നെ മൂസാനബി, തന്റെ ജനതക്ക് ജലത്തിന് പ്രയാസംനേരിട്ടപ്പോൾ ആ വടികൊണ്ട് കല്ലിലടിക്കുകയും അങ്ങനെ അതിൽനിന്ന് ഇസ്രാഈൽ ഗോത്രങ്ങളുടെ എണ്ണത്തിനനുസരിച്ച് പന്ത്രണ്ട് ഉറവകൾ പൊട്ടിയൊഴുകുകയുമുണ്ടായി.

മൂസാനബിയും ജനതയും കടൽക്കരയിലെത്തുകയും ഫറോവയും സൈന്യവും അവരെ പിന്തുടരുകയും ചെയ്തപ്പോൾ മൂസാനബിയോട് അല്ലാഹു തന്റെ വടികൊണ്ട് സമുദ്രത്തിലടിക്കാൻ കൽപിച്ചു. അപ്പോൾ അതിൽ പന്ത്രണ്ട് വഴികളുണ്ടാവുകയും മൂസാനബിയും അനുയായികളും അതിലൂടെ കടന്നുപോവുകയുമുണ്ടായി.

വൈദ്യശാസ്ത്രം വലിയൊരളവോളം പുരോഗതിപ്പെട്ട കാലമായിരുന്നു ഈസാനബിയുടേത്. അക്കാലത്ത് വൈദ്യശാസ്ത്രത്തിന് കഴിയാത്ത വിധത്തിലുള്ള ദൃഷ്ടാന്തങ്ങളായിരുന്നു ഈസാനബിയുടെത്. കളിമണ്ണിൽനിന്ന് പക്ഷിയുടെ രൂപമുണ്ടാക്കി അതിലൂതുമ്പോൾ അല്ലാഹുവിന്റെ അനുമതിയോടെ അത് പക്ഷിയായി പറന്നുപോവുന്നത് ജനങ്ങൾക്ക് കാണാമായിരുന്നു. ജന്മനാ അന്ധനായി പിറന്നവരെയും വെള്ളപ്പാണ്ഡുള്ളവരെയും അല്ലാഹുവിന്റെ അനുമതിയോടെ അദ്ദേഹം സുഖപ്പെ

ടുത്തുമായിരുന്നു. ഞാൻ മനസ്സിലാക്കിയേടത്തോളം അക്കാലത്തെയെന്നല്ല ഇക്കാലത്തെയും ഡോക്ടർമാർക്ക് സുഖപ്പെടുത്താൻ കഴിയാത്ത രണ്ടു രോഗങ്ങളാണ് ഇതുരണ്ടും. അംഗവൈകല്യമുള്ളഒരാളെ അദ്ദേഹം തടവിയാൽ അയാൾക്ക് സുഖംപ്രാപിക്കുമായിരുന്നു. അതുകൊണ്ടാണ് അദ്ദേഹത്തിന് *മസീഹ്* എന്ന പേരുവന്നതെന്ന് ചില പണ്ഡിതന്മാർ പറഞ്ഞിട്ടുണ്ട്.

അല്ലാഹുവിന്റെ അനുമതിയോടെ ഈസാ(عليه السلام), മരണപ്പെട്ടവരെ ജീവിപ്പിച്ചുകാണിച്ചുകൊടുക്കുമായിരുന്നുവെന്ന് ഖുർആനിൽ പറഞ്ഞിട്ടുണ്ട്. അതുപോലെത്തന്നെ മരിച്ചുപോയവരെ(ഖബ്റിൽനിന്ന്) ഉയിർത്തെഴുന്നേൽപ്പിച്ചുകാണിക്കുന്ന മറ്റൊരു ദൃഷ്ടാന്തവും അദ്ദേഹത്തിനുണ്ടായിരുന്നു. ഇതുരണ്ടും വെവ്വേറെയാണ്. മരണപ്പെട്ടവരെ മറമാടുന്നതിന്നുമുമ്പ് ജീവിപ്പിക്കുന്നതാണ് ആദ്യം പറഞ്ഞത്. മറമാടപ്പെട്ടവരെ ഖബ്റുകളിൽനിന്ന് ഉയിർത്തെഴുന്നേൽപിക്കുന്നതാണ് രണ്ടാമത്തെത്. ഈസാനബിക്ക് നൽകപ്പെട്ട ഇത്തരം ദൃഷ്ടാന്തങ്ങൾ, മനുഷ്യന് കഴിയാത്ത കാര്യങ്ങളാണ് എന്നതിൽ സന്ദേഹമില്ല. സ്രഷ്ടാവും സർവ്വശക്തനുമായ അല്ലാഹുവിന്റെ ദൂതനാണദ്ദേഹം എന്നതിനുള്ള തെളിവാണിതെല്ലാം.

ദൂതന്മാർക്ക് അല്ലാഹു ചിലപ്പോൾ മറ്റുചില ദൃഷ്ടാന്തങ്ങൾകൊണ്ടും പിൻബലമേകിയെന്നു വരും. എങ്കിലും ദൂതന്റെ കാലത്തെ ഏറ്റവും പ്രചാരമുള്ള ഇനത്തിൽപെട്ട കാര്യങ്ങളായിരിക്കും മുഖ്യമായ തെളിവുകൾ. മുഹമ്മദ് നബി(ﷺ)യെഅല്ലാഹു ഒട്ടേറെ ദൃഷ്ടാന്തങ്ങൾകൊണ്ട് പിന്തുണച്ചിട്ടുണ്ട്. അവ

യിലേറ്റവും മുഖ്യമായത്അല്ലാഹുവിന്റെ വചനമായ വിശുദ്ധ ഖുർആനാണ്. അതിന്റെ മുമ്പിലൂടെയോ പിന്നിലൂടെയോ യാതൊരബദ്ധവും വരികയില്ല. ഹിക്മത്തുള്ളവനും സ്തുത്യർഹനുമായ അല്ലാഹുവിന്റെ പക്കൽനിന്ന് അവതരിച്ചതാണത്. കാരണം, സാഹിത്യകലകൾക്ക് ഏറ്റവുമേറെ പ്രചാരമുണ്ടായിരുന്ന ഒരു കാലമായിരുന്നു അത്. വാക്ചാതുരിയും സാഹിത്യവും അന്തസ്സിന്റെയും നേതൃത്വത്തിന്റെയും മത്സരവേദിയായി മാറിയിരുന്നു അന്ന്. ചരിത്രം പരിശോധിച്ചാൽ വ്യക്തമാവുന്ന കാര്യമാണിത്.

## നബിമാരുടെ മുഅ്ജിസത്തുകൾ.

മനുഷ്യർക്ക് കൊണ്ടുവരാൻ കഴിയാത്ത ദൃഷ്ടാന്തങ്ങളാണ് നബിമാർക്ക് നൽകപ്പെട്ട *മുഅ്ജിസത്തുകൾ*. അല്ലാഹു അതെക്കുറിച്ച് *ആയത്ത്* (ദൃഷ്ടാന്തങ്ങൾ) എന്നാണ് പറഞ്ഞിട്ടുള്ളത്. ദൂതന്മാരുടെ ദൗത്യത്തിന്റെ സത്യതക്കുള്ള തെളിവാണത്.

ചന്ദ്രൻ പിളർത്തിക്കാണിക്കൽ, നബി(ﷺ)യുടെ കൈവിരലുകൾക്കിടയിലൂടെ വെള്ളംഉറവുപൊട്ടൽ തുടങ്ങി അസാധാരണമായ-അഥവാ-സാധാരണ പ്രാപഞ്ചികസംഭവങ്ങൾക്കെതിരായ, ഖണ്ഡിക്കാൻ കഴിയാത്ത കാര്യം എന്നാണ് *മുഅ്ജിസത്ത്* എന്നതിന് പണ്ഡിതന്മാർ നൽകുന്ന നിർവ്വചനം. അല്ലാഹു തന്റെ ദൂതന് പിന്തുണയെന്നോണം അദ്ദേഹത്തിലൂടെ വെളിപ്പെടുത്തുന്നവയാണത്. സാധാരണ സംഭവങ്ങൾക്ക് *മുഅ്ജിസത്ത്* എന്ന് പറയില്ല. ഉദാഹരണത്തിന് സൂര്യോദയ

ത്തിന് ഒരു മണിക്കൂർ മുമ്പ് ഒരാൾ ഇങ്ങനെ പറയുന്നുവെന്നിരിക്കട്ടെ:

'ഒരു മണിക്കൂർകഴിഞ്ഞാൽ സൂര്യനുദിക്കുന്നത് ഞാൻ നിങ്ങൾക്ക് കാണിച്ചുതരാം.'

സൂര്യൻ അതിന്റെ കൃത്യസമയത്ത് ഉദിച്ചാൽ അത് *മുഅ്ജിസത്തായി* പരിഗണിക്കപ്പെടുകയില്ല. കാരണം, അത് പതിവുകാര്യമാണ്. പതിവിന്നെതിരായ കാര്യമാണെങ്കിലും ഖണ്ഡിക്കാൻ കഴിയുമെങ്കിൽ അതിന് *മുഅ്ജിസത്ത്* എന്നുപറയില്ല. ജോത്സ്യന്മാരിൽനിന്നും മാരണവിദ്യക്കാരിൽനിന്നും മറ്റുമുണ്ടാവുന്ന കാര്യങ്ങൾ ഇതിന്നുദാഹരണമാണ്. മറ്റൊരു ജോത്സ്യന്നോ മാരണവിദ്യക്കാരന്നോ അവയെ ഖണ്ഡിക്കാൻ കഴിഞ്ഞേക്കും.

ഔലിയാക്കളിൽനിന്നുണ്ടാവുന്ന കാര്യങ്ങൾക്കും *മുഅ്ജിസത്തുകൾ* എന്ന് സാങ്കേതികമായി പറയാറില്ല. അതിന് *കറാമത്ത്* എന്നാണ് പറയാറ്. *വലിയ്യിന്* നൽകപ്പെടുന്ന *കറാമത്ത്* യഥാർത്ഥത്തിൽ അദ്ദേഹം പിന്തുടരുന്ന നബിക്കുള്ള മുഅ്ജിസത്താണ്. അത് ആ *വലിയ്യ്* പിന്തുടരുന്ന നബിയുടെ മാർഗം ശരിയാണെന്നതിന്നുള്ള തെളിവാണ്.

## അവയുടെ നേട്ടങ്ങൾ.

നബിമാർ കൊണ്ടുവന്ന ദൃഷ്ടാന്തങ്ങൾക്ക് ഒരുപാട് നേട്ടങ്ങളുണ്ട്. അവയിൽ ചിലത്:

1. അല്ലാഹുവിന്റെ കഴിവ് വ്യക്തമാക്കൽ.

ദൂതന്മാർ കൊണ്ടുവന്ന കാര്യങ്ങളുടെ സത്യതക്ക് നേരിൽ കാണാവുന്ന തെളിവെന്നോണം, ഈ ആയത്തുകൾ, സാധാരണ കാര്യങ്ങളല്ലാതിരിക്കണം. അങ്ങനെ സാധാരണക്കു പരിയായ കാര്യങ്ങളാവുമ്പോൾ അത് സ്രഷ്ടാവിന്റെ കഴിവിന്ന് തെളിവായിരിക്കും. ജനങ്ങൾക്ക് പരിചയമുള്ള പതിവുകളെ മാറ്റിമറിക്കാൻ അല്ലാഹുവിന് കഴിയുമെന്നതിന് അത് തെളിവായിത്തീരും. അത്തരം ദൃഷ്ടാന്തങ്ങൾക്കു മുമ്പിൽ മനുഷ്യൻ പകച്ചുനിൽക്കുന്നതായി നാം കാണുന്നത് അതുകൊണ്ടാണ്. അല്ലാഹുവിന്നല്ലാതെ മറ്റാർക്കും കഴിയാത്ത കാര്യങ്ങളുമായി ദൂതന്മാർവരുമ്പോൾ അവരുടെ ദൗത്യത്തിൽ ജനങ്ങൾക്ക് വിശ്വസിക്കാതിരിക്കാൻ കഴിയില്ല.

2. അടിമകളോടുള്ള അല്ലാഹുവിന്റെ കാരുണ്യം വ്യക്തമാക്കൽ.

മുർസലുകളെ പിന്തുണക്കുന്ന ഇത്തരം ദൃഷ്ടാന്തങ്ങൾ കാണുമ്പോൾ അവരിൽ വിശ്വസിച്ചിരിക്കുന്ന ആളുകൾക്ക് *ഈമാൻ* വർധിക്കുകയും അവരുടെ മനസ്സിന് ശാന്തി ലഭിക്കുകയും ചെയ്യും. അപ്പോൾ അവർക്ക് ദാർഢ്യതയും പ്രതിഫലവും വർധിക്കുന്നു. പിന്നെ അവർക്കതിൽ ഒട്ടും ശങ്കയുണ്ടാവില്ല.

3. അല്ലാഹുവിന്റെ അപാരമായ *ഹിക്മത്ത്* വെളി

വാക്കൽ.

അല്ലാഹു ഒരു ദൂതനെയും അദ്ദേഹത്തിന്റെ ദൗത്യത്തിന്റെ സത്യതക്ക് പിൻബലമേകുന്ന കാര്യം നൽകാതെ നിയോഗിച്ചിട്ടില്ല. ഒരു തെളിവും അടയാളവും നൽകാതെ പ്രധാനപ്പെട്ടൊരു കാര്യവുമായി ഒരാൾ ഒരു വ്യക്തിയെ നിയോഗിച്ചാൽ അദ്ദേഹത്തിന്റെ ആ നിയോഗം വിഡ്ഢിത്തമായിരിക്കും. ഫലം നിഷേധാത്മകവും. അപ്പോൾ, വലിയ ഹിക്മത്തിന്റെ ഉടമയായ അല്ലാഹുവിങ്കൽനിന്നുള്ള മഹത്തായ ദൗത്യത്തെ, വ്യക്തമായ ദൃഷ്ടാന്തങ്ങളും തെളിവുകളുംകൊണ്ട് സത്യപ്പെടുത്താതെ പറ്റില്ല.

4. സ്രഷ്ടാവിന് തന്റെ ദൂതനോടുള്ള കാരുണ്യം.

അല്ലാഹു, തന്റെ ദൂതനിലൂടെ നടപ്പാക്കുന്ന ദൃഷ്ടാന്തങ്ങളിലൂടെ സൃഷ്ടികൾക്ക് ആ ദൂതനിൽ വിശ്വസിക്കാനുള്ള വഴി എളുപ്പമാക്കിക്കൊടുക്കുന്നു. ഇത് ദൂതനോടുള്ള അല്ലാഹുവിന്റെ കാരുണ്യമാണ്. ധിക്കാരവും ധാർഷ്ട്യവും കൊണ്ടല്ലാതെ നിഷേധിക്കാനോ ഖണ്ഡിക്കാനോ കഴിയാത്ത വിധം സംതൃപ്തിയുളവാക്കുന്നവയായിരിക്കും ആ ദൃഷ്ടാന്തങ്ങൾ. അല്ലാഹു പറയുന്നത് നോക്കൂ:

﴿ فإنهم لا يكذبونك ﴾

*"(താങ്കളുടെ സത്യതക്ക് തെളിവായ ദൃഷ്ടാന്തങ്ങൾ കാണുന്ന കാരണത്താൽ യഥാർത്ഥത്തിൽ) അവർ താങ്കളെ കള*

*വാക്കുകയില്ല........"*

﴿ ولكن الظالمين بآيات الله يجحدون ﴾

*"പ്രത്യുത, അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെയാണ് ആ അക്രമികൾ നിഷേധിച്ചുതള്ളുന്നത്.!" (വി.ഖു. 6/33)*

## 5. സൃഷ്ടികളുടെമേൽ തെളിവു സ്ഥാപിക്കൽ.

തന്റെ സത്യതക്ക് യാതൊരു തെളിവും കൊണ്ടുവരാതെയാണ് ദൂതൻ വന്നതെങ്കിൽ അദ്ദേഹത്തിൽ *ഈമാൻ* കൊള്ളാതിരിക്കാനും, അദ്ദേഹത്തിന്റെ വാക്ക് ഖണ്ഡിക്കാനും ജനങ്ങൾക്ക് ന്യായമുണ്ടായിരുന്നു. മറിച്ച് ആ ദൂതൻ തന്റെ ദൗത്യത്തിന്റെ സത്യതക്ക് സംതൃപ്തമായ തെളിവുകൾ കൊണ്ടുവന്നാൽപിന്നെ അദ്ദേഹത്തിന്റെ വാക്ക് ഖണ്ഡിക്കാൻ ജനങ്ങൾക്ക് യാതൊരു ന്യായവുമില്ല.

## 6. ഈ പ്രപഞ്ചം അല്ലാഹുവിന്റെ ഖുദ്റത്തിനും നിയന്ത്രണത്തിനും വിധേയമാണെന്ന കാര്യം വ്യക്തമാക്കൽ.

ഈപ്രപഞ്ചം, സ്വയം നിയന്ത്രിക്കുന്നതോ പരസ്പര പ്രതിപ്രവർത്തനത്തിലൂടെ ഫലം പ്രകടമാവുന്ന പ്രകൃതിയുള്ളതോ ആയിരുന്നുവെങ്കിൽ, ഒരു വ്യക്തിയുടെ വാദത്തിനനുകൂലമായ തെളിവെന്നോണം, പെട്ടെന്ന് അതിന്, മാറ്റം വരില്ലായിരുന്നു.

ഈ പ്രപഞ്ചത്തിലെ ഗോളങ്ങളെ നോക്കൂ. അല്ലാഹുവിന്റെ *ഇറാദത്തു(ഉദ്ദേശ്യം)*കൊണ്ടല്ലാതെ കാലത്തിന്റെ പ്രേരക ഘടകങ്ങൾ കൊണ്ട് അതിൽ, യാതൊരു മാറ്റവുമുണ്ടാവുകയില്ല. അവയെ അല്ലാഹു സൃഷ്ടിച്ചതു മുതൽ, അതവസാനിക്കാൻ അല്ലാഹു അനുമതി നൽകുന്നതുവരെ, അവൻ അതിന് കണക്കാക്കിയ അതേരൂപത്തിൽ തന്നെ നീങ്ങിക്കൊണ്ടിരിക്കയാണ്.

എന്നാൽ, ഒരുരാത്രി ഖുറൈശികൾ നബി(ﷺ)യോട് ഒരു ദൃഷ്ടാന്തം ആവശ്യപ്പെട്ടപ്പോൾ നബി(ﷺ) ചന്ദ്രനിലേക്ക് കൈ ചൂണ്ടി. അപ്പോൾ ജനങ്ങൾക്ക് നേരിട്ട് കാണാവുന്ന വിധത്തിൽ അത് രണ്ടു കഷ്ണമായി പിളർന്നുമാറുകയുണ്ടായി. എന്നാൽ, ധിക്കാരവും നിഷേധ മനസ്സും മൂലം ഖുറൈശികൾ പറഞ്ഞു; മുഹമ്മദ്നബി(ﷺ) അവരെ മാരണം ചെയ്തതാണെന്ന്! പുറംനാടുകളിൽനിന്ന് മക്കയിലേക്ക് വരുന്ന യാത്രക്കാരോട് അവർ, അതേക്കുറിച്ച് ചോദിച്ചപ്പോൾ അന്നുരാത്രി ചന്ദ്രൻ പിളർന്നത് നേരിൽകണ്ടതായി സാക്ഷ്യം അവർവഹിക്കുകയുണ്ടായി.

അപ്പോൾ ഉപരിലോകവും കീഴ്ലോകവുമെല്ലാംതന്നെ സ്രഷ്ടാവും സർവജ്ഞനുമായ അല്ലാഹുവിന് കീഴ്പ്പെടുന്നതാണെന്ന് ഇത് സൂചന നൽകുന്നു. മൂസാ(عليه السلام) വടി നിലത്തിട്ടപ്പോൾ പാമ്പായി മാറിയതും സമുദ്രത്തിലടിച്ചപ്പോൾ സമുദ്രം പിളർന്നുമാറിയതും പാറയിലടിച്ചപ്പോൾ അതിൽനിന്ന് ഉറവ പൊട്ടിയതും, മരണപ്പെട്ടവരെഈസാ(عليه السلام) ജീവിപ്പിച്ചുകാണിച്ചു കൊടുത്തതുമെല്ലാം നാം നേരത്തെ പറഞ്ഞല്ലോ.

## മുഹമ്മദ് (ﷺ)യുടെ ദൃഷ്ടാന്തങ്ങൾ.

ശൈഖുൽഇസ്‌ലാം ഇബ്നുതൈമിയ(رحمه الله) അൽജവാബുസ്സ്വഹീഹു ലിമൻ ബദ്ദല ദീനൽ മസീഹ് എന്ന ഗ്രന്ഥത്തിൽ ഇങ്ങനെ എഴുതുന്നു:

"മുഹമ്മദ് നബി(ﷺ)യുടെ നുബുവ്വത്തിനുള്ള ദൃഷ്ടാന്തങ്ങളും തെളിവുകളും നിരവധിയാണ്. മറ്റുനബിമാരുടെ ദൃഷ്ടാന്തങ്ങളെക്കാൾ-മുഅ്ജിസതുകളേക്കാൾ-അത് അധികവും മഹത്തരവുമാണ്. അവയ്ക്ക് നുബുവ്വത്തിന്റെ തെളിവുകളെന്നോ അടയാളങ്ങളെന്നോ പറയാം. നബിമാർക്കുള്ള ദൃഷ്ടാന്തങ്ങൾ- آيات-എന്ന വാക്കാണ് (معجزة)മുഅ്ജിസത്തുകൾ എന്ന വാക്കിനേക്കാൾ കൂടുതൽ സൂക്ഷ്മമായ അർഥംനൽകുന്നത്. അതുകൊണ്ടുതന്നെ (معجزة)മുഅ്ജിസതുകൾ എന്ന വാക്ക് ഖുർആനിലോ ഹദീഥിലോ കാണുകയില്ല. മറിച്ച് ആയത്ത്( آية )ബയ്യിനത്ത്(بينة) ബുർഹാൻ(برهان) എന്നിത്യാദി പദങ്ങളാണവിടെ കാണുക."

ശേഷം അദ്ദേഹം തുടരുന്നു:

"ദൃഷ്ടാന്തങ്ങൾ രണ്ടിനമാണ്. കഴിഞ്ഞുപോയ കാര്യങ്ങളായി വാർത്തകളിലൂടെ അറിയപ്പെട്ടവയാണ് അവയിലൊന്ന്. ഖുർആൻ പോലെ ഇന്നും നിലനിൽക്കുന്നതാണ് മറ്റൊന്ന്. അതുപോലെത്തന്നെ, ഖുർആനിന്റെ അനുയായികൾക്ക് അതിലുള്ള ഈമാനും ഇൽമും, നബി(ﷺ) കൊണ്ടുവന്ന ശരീഅത്തും ഇതിന്റെ ഉദാഹരണങ്ങളാണ്............."

## വിശുദ്ധ ഖുർആൻ.

നബി(ﷺ)യുടെ ദൃഷ്ടാന്തങ്ങളിൽ ഏറ്റവും മഹത്തരമായത് വിശുദ്ധ ഖുർആനാണ്. അതാണ് മുൻകടന്ന, എന്നാൽ അവശേഷിക്കുന്ന ദൃഷ്ടാന്തം. അല്ലാഹു, റസൂൽ(ﷺ)ക്ക് അത് വഹ്‌യായി നൽകിയതു മുതൽ ഇന്നോളം നിലനിൽക്കുന്ന റസൂൽ(ﷺ)യുടെ നുബുവ്വത്തിന്റെ സാക്ഷ്യമാണ്.

വാക്കിലും അർത്ഥത്തിലും ഖുർആൻ, അല്ലാഹുവിന്റെ വചനമാണ്. അല്ലാഹു സ്വയം സംസാരിച്ചതാണത്.എന്നിട്ട് ജിബ്‌രീൽ(عليه السلام)ന്ന് വഹ്‌യായി അത് നൽകി. ജിബ്‌രീൽ അത് മുഹമ്മദ് നബി(ﷺ)യുടെ ഹൃദയത്തിലേക്ക് അവതരിപ്പിച്ച് അവിടെ മനപ്പാഠമാക്കിക്കൊടുത്തു. അത് സൂക്ഷിക്കുമെന്ന് അല്ലാഹു ഗ്യാരണ്ടി നൽകുകയും ചെയ്തു.

﴿إن علينا جمعه وقرآنه، فإذا قرأناه فاتبع قرآنه، ثم إن علينا بيانه﴾

*"തീർച്ചയായും അതിന്റെ (ഖുർആന്റെ) സമാഹരണവും അത് ഓതിത്തരലും നമ്മുടെ ബാധ്യതയാകുന്നു. അങ്ങനെ നാം അത് ഓതിത്തന്നാൽ ആ ഓത്ത് നീ പിന്തുടരുക. പിന്നീട് അത് വിവരിച്ചുതരലും നമ്മുടെ ബാധ്യതയാകുന്നു."*

*(വി.ഖു. 75/17-19)*

ഖുർആനിന്റെ വിവരണം നൽകാമെന്ന് അല്ലാഹു ഏറ്റിട്ടുണ്ടെങ്കിൽ അതിന്നർഥം, നബി(ﷺ) അതിനെ മനഃപ്പാഠമാക്കുകയും ജനങ്ങളിലേക്കെത്തിച്ചുകൊടുക്കുകയും അവർക്ക് വിശ

ദീകരിച്ചുകൊടുക്കുകയും ചെയ്യുമെന്നാണ്. അല്ലാഹു ഇപ്രകാരം പറയുകയുണ്ടായി:

﴿ إنا نحن نزلنا الذكر وإنا له لحافظون ﴾

*"തീർച്ചയായും നാമാണ് ഈ ذكر(ഉൽബോധനം) അവതരിപ്പിച്ചത്; തീർച്ചയായും നാം അതിനെ കാത്തുസൂക്ഷിക്കുന്നതുമാണ്."* *(വി.ഖു. 15/9)*

നബി(ﷺ)യുടെ സത്യതക്കുള്ള ദൃഷ്ടാന്തങ്ങളിലൊന്നാണ് വിശുദ്ധ ഖുർആൻ. അതിന് പല കാരണങ്ങളുമുണ്ട്.

1) സൃഷ്ടികൾക്ക് ഒറ്റക്കോ കൂട്ടായോ ഖുർആൻപോലുള്ള ഒന്ന് കൊണ്ടുവരാൻ സാധ്യമല്ല. അല്ലാഹു പറയുന്നു:

﴿ قل لئن اجتمعت الجن والإنس على أن يأتوا بمثل هذا القرآن لا يأتون بمثله ولو كان بعضهم لبعض ظهيرا ﴾

*"(നബിയേ) പറയുക: ഈ ഖുർആൻ പോലൊന്ന് കൊണ്ടുവരുന്നതിനായി മനുഷ്യരും ജിന്നുകളും ഒന്നിച്ചുചേർന്നാലും അതുപോലൊന്ന് അവർ കൊണ്ടുവരുകയില്ല. അവരിൽ ചിലർ ചിലർക്ക് സഹായം നൽകുന്നതായാൽപോലും."*

*(വി.ഖു. 17/88)*

സൃഷ്ടികൾ പരസ്പരം സഹകരിച്ചാൽപോലും അത്തരമൊരു ഗ്രന്ഥം കൊണ്ടുവരാൻ അവർക്ക് സാധ്യമല്ല. കാരണം ഖുർആൻ അല്ലാഹുവിന്റെ വചനമാണ്. അതുകൊണ്ടുതന്നെ

വചനത്തിലോ അർഥത്തിലോ സ്വാധീനത്തിലോ സദ്ഫലത്തി ലോ ഒന്നുംതന്നെ സൃഷ്ടികളുടെ യാതൊരു വചനവും അതി നോട് സദൃശമാവാൻ വഴിയില്ല.

2) ഖുർആന്റെ വാക്ക് അതിന്റെ സ്വാധീനത്തിലും ദൃഢത യിലും ഘടനയിലും ശൈലിയിലും വ്യക്തതയിലും മാത്രമല്ല; ചിന്തിക്കുന്തോറും വ്യക്തമായിക്കൊണ്ടിരിക്കുന്ന അർഥവ്യാപ്തിയിലുമെല്ലാം തന്നെ, അനിതരമാണ്. നാം പാരായണം ചെയ്തുകൊണ്ടിരിക്കുന്ന ഒരു സൂക്തം പിന്നീട് കേൾക്കുമ്പോൾ, മുമ്പ് നാം ആ സൂക്തം കേട്ടിട്ടില്ലെന്ന മട്ടിൽ, അതിൽനിന്ന് ന മുക്കൊരു പുതിയ ആശയം വ്യക്തമായി വരുന്നു! അത് ആ ഒരാശയത്തിനുവേണ്ടിയാണ് അവതരിച്ചതെന്ന് നമുക്ക് തോന്നിപ്പോവും.

ശൈഖുൽഇസ്‌ലാം ഇബ്നുതൈമിയ(رحمه الله) പറയുന്നു:

*"ഖുർആന്റെ കോർവ്വയും ശൈലിയുംതന്നെ പുതുമയുള്ളതാണ്; അത്ഭുതകരമാണ്. സാധാരണ സുപരിചിതമായ സംസാരശൈലിയിൽ പെട്ടതല്ല അത്. ഈ ശൈലിയോട് സമാനമായ ഒന്ന് ഒരാളും കൊണ്ടുവന്നിട്ടില്ല. ഖുർആൻ കവിതയുടെ ഇനത്തിലോ شعر ന്റെ ഇനത്തിലോ ലേഖനങ്ങളുടെ ഇനത്തിലോ പ്രസംഗത്തിന്റെ ഇനത്തിലോ ഒന്നുംതന്നെ പെടില്ല. അറബിയുടെയോ അനറബിയുടെയോ സംസാരത്തിൽപെട്ട യാതൊരു കോർവ്വയിലുമല്ല അതിന്റെ കോർവ്വ. ഖുർആന്റെ സ്ഫുടതയും സാഹിത്യവും തന്നെ സാധാരണക്കതീതമായ അത്ഭുതമാണ്.*

യാതൊരു സൃഷ്ടിയുടെയും സംസാരത്തിൽ അതിന്ന് സമാന തയില്ല."

ശൈഖ് മുഹമ്മദ് റശീദ് രിദാ തന്റെ അൽവഹ്‌യുൽമുഹമ്മദിയിൽ ഇങ്ങനെ പറയുന്നു:

"ഖുർആൻ അവതരിപ്പിക്കപ്പെട്ടത്, ജനങ്ങൾക്ക് സുപരിചിതമായ ഗ്രന്ഥശൈലിയിലും ക്രമത്തിലുമായിരുന്നുവെങ്കിൽ ആ ക്രമീകരണംകൊണ്ടുതന്നെ, ഖുർആനിലൂടെ ഉദ്ദേശിക്കപ്പെട്ട പ്രഥമലക്ഷ്യമായ ഹിദായത്തിന്റെ സവിശേഷതകളിൽ മിക്കതും നഷ്ടപ്പെടുമായിരുന്നു. അതുപോലെത്തന്നെ, രണ്ടാമത്തെ ലക്ഷ്യമായ അതിന്റെ അമാനുഷികതയുടെ പ്രത്യേക പദവിയും നഷ്ടപ്പെടുമായിരുന്നു......"

പിന്നീട് അദ്ദേഹം പറയുന്നു:

"ഖുർആൻ അത്തരത്തിൽ അധ്യായമാക്കിത്തിരിച്ച് ക്രമീകരിക്കപ്പെട്ടതായിരുന്നെങ്കിൽ, രൂപത്തിലും വിഷയത്തിലുമുള്ള അതിന്റെ ഏറ്റവും വലിയ സവിശേഷത അതിന് നഷ്ടപ്പെടുമായിരുന്നു. ഹിക്മത്തുള്ളവനും കാരുണ്യവാനും സർവ്വജ്ഞനുമായ റബ്ബുൽആലമീനായ അല്ലാഹു അവതരിപ്പിച്ച ഖുർആനിന്റെ കോർവ്വയുടെയും ശൈലിയുടെയും നേട്ടങ്ങളിൽ നിന്ന് നാം വിവരിക്കുന്നതിൽനിന്ന് ഇതുരണ്ടും വ്യക്തമാവും. ലക്ഷ്യങ്ങളെ പരസ്പരം കൂട്ടിക്കലർത്തുകയും ചെറുതും വലുതുമായ വിവിധ സൂറത്തുകളിൽ, വ്യത്യസ്ത അവസരങ്ങളിലായി അതിനെ വിഭജിക്കുകയും ചെയ്തിരിക്കുന്നു. മനസ്സുകളി

*ൽ മടുപ്പുളവാക്കാത്ത ചലനാത്മകവും സ്വാധീനമുണ്ടാക്കുന്നതുമായ വാക്യങ്ങളിലൂടെ അത് ആവർത്തിക്കുകയും ചെയ്തിരിക്കുന്നു....."*

അദ്ദേഹം തുടരുന്നു:

*"പ്രലോഭനം, പ്രകോപനം, അത്ഭുതം, അപമാനം, ചില കാര്യങ്ങളോട് വെറുപ്പും മടുപ്പും, ചില കാര്യങ്ങളോട് താൽപര്യം എന്നിവ ഉളവാക്കുന്ന..............പ്രസംഗം, കവിത, പ്രാസം, റജ്സ്(رجز) തുടങ്ങിയ, മനുഷ്യന്റെ മറ്റു സംസാരങ്ങളിലൊന്നും കാണാത്ത അഭിസംബോധനാ ശൈലി സ്വീകരിച്ചിരിക്കുന്നു അത്. പുതുമയാർന്ന കോർവ്വയിലും ഉത്തുംഗമായ അവതരണ ചാതുരിയിലുമുള്ള ഖുർആനിന്റെ ഈ ഉന്നത ശൈലി കൊണ്ട് അത്, പുതുമനശിക്കാത്ത, ആവർത്തനംകൊണ്ട് ദ്രവിച്ചുപോവാത്ത ഒന്നായിത്തീർന്നിരിക്കുന്നു."*

3) നന്മ വരുത്തുന്ന നിയമങ്ങൾ, സമ്പൂർണമായ മര്യാദകൾ ലോകോത്തരമായ ലക്ഷ്യങ്ങൾ എന്നിവ.

അത്, അല്ലാഹുവിനെക്കുറിച്ചും അവന്റെ നാമങ്ങളെക്കുറിച്ചും ഗുണവിശേഷണങ്ങളെക്കുറിച്ചും കർമങ്ങളെക്കുറിച്ചുമുള്ള വിശ്വാസവും അവന്റെ മുഴുവൻ മലക്കുകളിലും ഗ്രന്ഥങ്ങളിലും ദൂതന്മാരിലും അന്ത്യദിനത്തിലും ഖദ്റിലും അതുമായി ബന്ധപ്പെടുന്ന മറ്റുകാര്യങ്ങളിലുമുള്ള നേരായ വിശ്വാസവും കൊണ്ടുവന്നിരിക്കുന്നു. ഇബാദത്ത് അല്ലാഹുവിന് മാത്രമാക്കുകയും അവനല്ലാത്തവർക്ക് അത് നിർവഹിക്കപ്പെടുന്നതിൽനിന്ന് ചിന്തയെയും ബുദ്ധിയെയും ബോധത്തെയും മോചി

പ്പിക്കുകയും അല്ലാഹുവിനോടുള്ള ഭയത്തിലും പ്രതീക്ഷയിലും സ്നേഹത്തിലും ബഹുമാനത്തിലുമായി അതിനെ ബന്ധിപ്പിക്കുകയും ചെയ്തിരിക്കുന്നു.

അതുപോലെത്തന്നെ, സൽബുദ്ധി അംഗീകരിക്കുന്ന സമ്പൂർണവും യോഗ്യവുമായ മര്യാദകൾ കൊണ്ടുവന്നിരിക്കുന്നു. മാതാപിതാക്കൾക്ക് പുണ്യം ചെയ്യാനും കുടുംബ ബന്ധം സ്ഥാപിക്കാനും സത്യം പറയാനും നീതിയും കനിവും കാരുണ്യവും കാണിക്കാനും അത് കൽപിച്ചിരിക്കുന്നു. അനീതിയും അക്രമവും ശത്രുതയുമായിത്തീരുന്ന മുഴുവൻ കാര്യങ്ങളെയും അത് നിരോധിച്ചിരിക്കുന്നു.

അതിന്റെ നിയമങ്ങളാകട്ടെ നാട്ടിനും നാട്ടുകാർക്കും ഐഹികവും പാരത്രികവുമായി നന്മവരുത്തുന്നതും ഇബാദത്തുകൾ നന്നാക്കിത്തീർക്കുന്നതും വ്യക്തിപരവും സാമൂഹികവും....സാമ്പത്തികവുമായ ഇടപാടുകൾ മെച്ചപ്പെടുത്തുന്നതുമാണ്. അതിനോട് സമാനമായതോ സാമീപ്യംപുലർത്തുന്നതോ ആയ യാതൊരു നിയമവും നിർമ്മിക്കാൻ സൃഷ്ടികൾ മുഴുവൻ ഒത്തുകൂടിയാലും സാധ്യമല്ല.

4) മനസ്സിലും ആത്മാവിലുമുള്ള സ്വാധീനമാണ് ഖുർആനിന്റെ മറ്റൊരമാനുഷികത. അസ്ത്രംപോലെ അത് മനസ്സിലേക്ക് തുളഞ്ഞുകയറുന്നു. ഇരുട്ടിന്റെ ചക്രവാളത്തിൽ സൂര്യനെന്നപോലെ ബുദ്ധികളിൽ അത് ആധിപത്യംസ്ഥാപിക്കുന്നു. ശത്രുവും മിത്രവും ഒരുപോലെ അംഗീകരിച്ച കാര്യമാണിത്. പണ്ഡിതാവ് മാത്രമല്ല, സാധാരണക്കാരൻപോലും ഖുർആൻ കേൾ

ക്കുമ്പോൾ അതിലേക്ക് അതീവമായി ആകർഷിക്കപ്പെടുന്നു. ഒരുനിലക്കുമുള്ള മനുഷ്യഭാഷണമല്ല അതെന്ന് അവൻ മനസ്സിലാക്കുന്നു. ഖുർആൻ കേൾക്കാനിടയായപ്പോൾ വലീദുബ്ൻ മുഗീറക്കും ഉത്ബതുബ്ൻ റബീഅക്കുമുണ്ടായ അനുഭവം പ്രസിദ്ധമാണ്.

അബൂജഹലിനെയും അബൂസുഫ്യാനെയും പോലുള്ള ചില ഖുറൈശീ പ്രമുഖന്മാർ രാത്രികാലത്ത് രഹസ്യമായി നബി (ﷺ)യുടെ ഖുർആൻ പാരായണം കേൾക്കാൻ വരാറുണ്ടായിരുന്നു.

മനസ്സുകളിലുള്ള ഖുർആന്റെ സ്വാധീനം മനസ്സിലാക്കിത്തരുന്ന വ്യക്തമായ ദൃഷ്ടാന്തങ്ങളാണിതെല്ലാം. എന്നാൽ, ഇത്തരം സ്വാധീനങ്ങൾ എല്ലാ വ്യക്തികളിലും പ്രകടമായിക്കൊള്ളണമെന്നില്ല. സംസാര ശൈലികളെക്കുറിച്ചും ഭാഷാ സാഹിത്യത്തെക്കുറിച്ചും അറിവുംഅഭിരുചിയുമുള്ളവർക്കേ ഇത് പ്രകടമാവൂ.

(( ومن يك ذا فم مر مريض يجد مرا به الماء الزلالا ))

*(വായയ്ക്ക് കൈപ്പനുഭവപ്പെടുന്ന രോഗിക്ക് ശുദ്ധജലം പോലും കൈപ്പുള്ളതായിട്ടാണല്ലോ തോന്നുക.)*

വിശുദ്ധ ഖുർആന്റെ വിവിധ അമാനുഷികതകൾ വിവരിച്ചശേഷം ശൈഖുൽഇസ്‌ലാം ഇബ്നുതൈമിയ(رحمه الله) ഇപ്രകാരം പറയുന്നു:

*"...ഈവക കാര്യങ്ങൾ വ്യക്തമായ, വിവരവുംവിജ്ഞാന*

വുമുള്ള ആളുകൾക്ക് ഈ ഇനത്തിലുള്ള അമാനുഷികതകൾ മനസ്സിലായിട്ടുണ്ട്. അത് വ്യക്തമാവാത്തവർക്ക് ഖുർആനിന്ന് സമാനമായ ഒന്ന് കൊണ്ടുവരാനുള്ള അതിന്റെ വെല്ലുവി ളിയും അതിന് മുഴുവൻ സൃഷ്ടികളും അശക്തരാണെന്ന നബി(ﷺ) യുടെ പ്രസ്താവനയും തന്നെ മതി തെളിവായി. ഇത് എല്ലാവ ർക്കും വ്യക്തമായ കാര്യമാണ്."

5. ഖുർആനിനെ പിന്തുടരുകയും അതിന്റെ ഉദാത്തലക്ഷ്യ ങ്ങൾക്കും അധ്യാപനങ്ങൾക്കുമനുസരിച്ച് പ്രവർത്തിക്കുകയും ചെയ്തപ്പോൾ ഖുർആന്റെ അനുയായികൾക്കുണ്ടായ മഹ ത്തായ മാറ്റങ്ങളും അതിന്റെ അമാനുഷികതക്ക് തെളിവാണ്. ഖുർആൻ വായിക്കുകയും മനസ്സിലാക്കുകയും പ്രയോഗത്തി ൽ കൊണ്ടുവരികയുംചെയ്ത, അനുയായികളെ അത് ഇബാദ ത്തിലും പെരുമാറ്റമര്യാദകളിലും ഉന്നതവിതാനത്തിലേക്കുയർ ത്തി. അവർക്ക് അത് ഉന്നതമായ ആദരവും പ്രതാപവും നേടി ക്കൊടുത്തു.

ഖുർആന്റെ ആദ്യകാല അനുയായികൾ അതിന്റെ മൂ ല്യം മനസ്സിലാക്കിയിരുന്നു. ഖുർആനിലെ പത്തുസൂക്തങ്ങൾ പഠിച്ചാൽ അതിൽ അറിവുനേടുകയും അത് പ്രയോഗത്തിൽ വരുത്തുകയും ചെയ്യുന്നതുവരെ അവർ, അതിനപ്പുറത്തേക്ക് നീങ്ങാറുണ്ടായിരുന്നില്ല. അവർ ഒരേസമയം, ഖുർആൻ പഠിക്കു കയും അതിന്റെ അറിവുനേടുകയും അത് പ്രയോഗവൽക്കരി ക്കുകയും ചെയ്തു. അങ്ങനെ അവർ ലോകത്തിന്റെ നേതൃത്വ ത്തിലേക്കുയർന്നു. അവർക്ക് പ്രതാപവും വിജയവും ഭൂമിയിൽ സൗകര്യവും ആധിപത്യവും ഉപകരിക്കുന്ന ഇൽമും(العلم النافع)

നേടാനായി. അതിനുമുമ്പ് അവർ ശിഥിലരും വഴിപിഴച്ചവരും മറ്റുജനങ്ങളെ അപേക്ഷിച്ച് നിരക്ഷരരുമായിരുന്നു. പൂർവ്വസൂരികൾ പ്രതാപവും വിജയവും നേടിയെടുത്ത അതേ അരുവിയിലേക്ക് തിരിച്ചുപോയി അതിൽനിന്ന് കലർപ്പില്ലാത്ത ശുദ്ധജലം കുടിച്ചെങ്കിലേ, ഈ(തലമുറക്കും) പ്രതാപവും ആധിപത്യവും വിജയവുമൊക്കെ നേടാനാവൂ. അതെ, അല്ലാഹുവിന്റെ കിതാബിലേക്കും നബി(ﷺ)യുടെചര്യയിലേക്കും തിരിച്ചുപോയി അത് പഠിച്ചുമനസ്സിലാക്കി വിശ്വാസത്തിലും കർമ്മത്തിലും വചനത്തിലും അത് നടപ്പിലാക്കുകയും, നന്മയുടെയും രക്ഷയുടെയും യോഗ്യതയുടെയും മാർഗമതാണെന്ന് ഉറച്ചുവിശ്വസിക്കുകയും ചെയ്താൽ മാത്രമേ അവർക്ക് പ്രതാവും വിജയവും നേടാനാവൂ.

ഏറെ ദു:ഖകരമെന്ന് പറയട്ടെ; മുസ്‌ലിംകളിൽവലിയൊരു വിഭാഗം ഇന്ന് ഖുർആനിലേക്കോ സുന്നത്തിലേക്കോ തിരിഞ്ഞുനോക്കുന്നില്ല; അവരത് പഠിക്കാൻ ശ്രമിക്കുന്നില്ല. എന്നല്ല. അറബിഭാഷയിലും സാഹിത്യത്തിലും ശൈലിയിലുമൊക്കെ അധികമാളുകൾക്കും അറിവുകുറവാണ്. എന്നല്ല, നമസ്കാരത്തിൽ പാരായണംചെയ്യുന്ന ചെറിയൊരംശമല്ലാതെ അവർ പാരായണം നടത്തുന്നുപോലുമില്ല! ഖുർആനിനോടും സുന്നത്തിനോടുമുള്ള ഭാഷാപരവും മതപരവുമായ അഭിരുചി അവർക്കില്ല. ഖുർആനിന്റെ ഈസമുദായത്തിന് അല്ലാഹു വിവേകം നൽകട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കുക. സലഫുസ്സ്വാലിഹുകളുടെ മാർഗത്തിലേക്ക് തിരിച്ചുപോവാനും സമുദായത്തിന് നന്മയും ഗുണവും പ്രദാനംചെയ്യാനും സഹായകമായ ചിന്താപര

വും രാഷ്ട്രീയവുമായ നേതൃത്വം അല്ലാഹു നൽകട്ടെ എന്നും നാം അവനോട് പ്രാർത്ഥിക്കുകയാണ്.

2) നബി(ﷺ)യുടെ സത്യതക്ക് തെളിവായി അല്ലാഹു പ്രകടമാക്കിയ പ്രാപഞ്ചിക ദൃഷ്ടാന്തങ്ങളാണ് മറ്റു ചിലത്.

﴿ سنريهم آياتنا في الآفاق وفي أنفسهم حتى يتبين لهم أنه الحق أو لم يكف بربك أنه على كل شيء شهيد ﴾

*"ഇത്(ഖുർആൻ) സത്യമാണെന്ന് അവർക്ക് വ്യക്തമാകത്തക്കവണ്ണം വിവിധ ദിക്കുകളിലും അവരിൽതന്നെയും നമ്മുടെ ദൃഷ്ടാന്തങ്ങൾ നാമവർക്ക് കാണിച്ചുകൊടുക്കുന്നതാണ്. നിന്റെ റബ്ബ് ഏതുകാര്യത്തിനും സാക്ഷിയാണ് എന്നതുതന്നെ മതിയായതല്ലേ?"* (വി.ഖു.41/53)

1. ചന്ദ്രൻ പിളരുന്നു.

ചന്ദ്രൻ പിളർന്ന് രണ്ടുകഷ്ണമായത് ജനങ്ങൾക്ക് കാണാൻ കഴിഞ്ഞു. ഖുർആനിലൂടെ അല്ലാഹു ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്.

﴿ إقتربت الساعة وانشق القمر . وإن يروا آية يعرضوا ويقولوا سحر مستمر . ﴾

*"ആ അന്ത്യസമയം അടുത്തു; ചന്ദ്രൻ പിളരുകയും ചെയ്തു. ഏതൊരുദൃഷ്ടാന്തം അവർ കാണുകയാണെങ്കിലും*

അവർ പിന്തിരിഞ്ഞുകളയുകയും ഇത് നിലനിന്നുവരുന്ന ജാല വിദ്യയാകുന്നു എന്ന് പറയുകയും ചെയ്യും." (വി.ഖു. 54/1-2)

നബി(ﷺ)യുടെ കാലത്ത് അവിടത്തെ ഹിജ്റക്ക് മുമ്പാണത് സംഭവിച്ചതെന്ന് ഉലമാക്കൾ ഏകീകരിച്ചിട്ടുണ്ട്. മക്കയിലെ ആളുകൾ അതുകണ്ടു. അവരതു കണ്ടപ്പോൾ അവിടന്ന് പറഞ്ഞു: اشهدوا اشهدوا (നിങ്ങൾ ഇതിന് സാക്ഷ്യം വഹിച്ചുകൊള്ളുക. നിങ്ങൾ ഇതിന് സാക്ഷ്യം വഹിച്ചുകൊള്ളുക) എന്ന്.

എല്ലാ ഭാഗത്തുനിന്നുമുള്ള വഴിയാത്രക്കാർ അതു കണ്ടിരുന്നു. അവരെല്ലാം അതിന് സാക്ഷ്യം വഹിച്ചിട്ടുമുണ്ട്. ശൈഖുൽഇസ്‌ലാം ഇബ്നുതൈമിയ(رحمه الله) പറയുന്നു:

*"സൂര്യനെയും മറ്റുനക്ഷത്രങ്ങളെയും ഒഴിവാക്കി ചന്ദ്രനെ പിളർത്തുന്നതിൽ ദൃഷ്ടാന്തമുണ്ടാക്കാൻ കാരണം അതാണ് സൂര്യനെക്കാളും മറ്റു നക്ഷത്രങ്ങളെക്കാളുമൊക്കെ ഭൂമിയോടേറ്റവുമടുത്തത് എന്നതുകൊണ്ടാണ്. അതിൽ മാത്രമായിരുന്നു പിളർപ്പുണ്ടായത്. കാരണം, പ്രകാശമുള്ള വസ്തുവിൽ പിളർപ്പുണ്ടായാൽ അതെല്ലാവർക്കും വ്യക്തമായി കാണാം. അതിൽ ആരും സംശയിക്കില്ല. പിളർപ്പ് അംഗീകരിച്ചാൽ അതുണ്ടായ സ്ഥാനത്തെ ഏതായാലും അംഗീകരിക്കുമല്ലോ. ജനങ്ങൾ അത് കാണുകയും അതിന് സാക്ഷ്യംവഹിക്കുകയും ചെയ്തിട്ടുണ്ട്. പെരുന്നാൾ നമസ്കാരങ്ങൾ പോലുള്ള വലിയ സദസ്സുകളിൽ നബി(ﷺ) ഈ സൂറത്ത് പാരായണം ചെയ്യാറുണ്ടായിരുന്നു. ജനങ്ങളെല്ലാം അതംഗീകരിക്കാറുണ്ടായിരുന്നു. ആരുമത് നിഷേധിച്ചിരുന്നില്ല. അത്തരമൊരു പിളർപ്പുണ്ടായിരു*

*ന്നില്ലെങ്കിൽ ജനങ്ങൾ എന്തായാലും അപ്പോൾത്തന്നെ അതി നെ നിഷേധിക്കുമായിരുന്നു."*

എന്നാൽ ചിലർ, അങ്ങനെ ചന്ദ്രൻ പിളരുകസാധ്യമല്ലെന്ന് കരുതുകയും പ്രസ്തുത ഖുർആൻ സൂക്തത്തിന്റെ ആശയം മാറ്റിമറിക്കാൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. അതിലവർക്ക് ഭീമമായ അബദ്ധം പറ്റിയിരിക്കുന്നു. അവരുടെ ആ കൃത്രിമമായ ആശയം ഖുർആനിനോട് യോജിക്കുന്നില്ല. ചന്ദ്രൻ പിളർന്നത് നേരിൽ കാണപ്പെട്ടതായി നിരവധി നബിവചനങ്ങളിൽ വിവരണമുണ്ട്. ഇസ്ലാമികചരിത്രത്തിലല്ലാതെ മറ്റുചരിത്രങ്ങളിലൊന്നും ഈസംഭവം രേഖപ്പെട്ടിട്ടില്ലെന്ന പ്രസ്താവംകൊണ്ട് അതിന് ഒരുപോരായ്മയും വരുന്നില്ല. ഇസ്ലാമിക ചരിത്രം രേഖപ്പെടുത്തിയാൽ തന്നെ മതി തെളിവായി. ഖുർആൻ ഇക്കാര്യം പ്രതിപാദിച്ചിട്ടുണ്ട്. അത് രേഖപ്പെടുത്താത്ത ആളുകൾ ഒരുപക്ഷേ അത് നേരിൽകണ്ടിട്ടില്ലായിരിക്കാം. അതല്ലെങ്കിൽ അത് സംഭവിച്ച സമയത്ത് അവർ ഉറങ്ങുകയാകാം. അതല്ലെങ്കിൽ അവർ പകലിലായിരിക്കാം...അവരതറിഞ്ഞില്ലായിരിക്കാം. അതുമല്ലെങ്കിലവർക്ക് കാർമേഘത്തിന്റെയോ മറ്റോ തടസ്സം നേരിട്ടിരിക്കാം. മക്കയിലേക്കു വന്ന നിരവധി യാത്രക്കാർ അത് നേരിൽ കണ്ടതായി പറഞ്ഞിട്ടുണ്ട്. അത് ജനങ്ങൾക്ക് കാണാവുന്ന ഒരു ദൃഷ്ടാന്തമെന്ന നിലക്ക്പ്രത്യക്ഷപ്പെട്ടതായിരുന്നു. പിന്നീടത് പൂർവ്വസ്ഥിതിയിലേക്കുതന്നെ മടങ്ങുകയും ചെയ്തിട്ടുണ്ട്.

2. മിഅ്റാജ്.

വലിയൊരു ദൃഷ്ടാന്തമാണിത്. നബി(ﷺ)യെ ഒരൊറ്റ

രാത്രികൊണ്ട് ബൈതുൽമഖ്ദിസ് വരെ കൊണ്ടുപോവുകയും അവിടെവെച്ച് നബി(ﷺ) മറ്റു നബിമാർക്ക് ഇമാമായി നമസ്കരിക്കുകയും ചെയ്തു. ശേഷം ഏഴാനാകാശത്തിനുമീതെ *സിദ്റതുൽമുൻതഹാ*വരെ നബി(ﷺ)യെ ജിബ്രീൽ(عليه السلام)കൂട്ടിക്കൊണ്ടുപോയി. അവിടെവെച്ച് അല്ലാഹു ചില കാര്യങ്ങൾ നബി(ﷺ)ക്ക് വഹ്‌യായി നൽകുകയും പല ദൃഷ്ടാന്തങ്ങളും കാണിച്ചുകൊടുക്കുകയും ചെയ്തു. ഓരോ ആകാശത്തുമായി അവിടന്ന് പല നബിമാരുടെയും അടുത്തുകൂടെ കടന്നുപോയി. മക്കക്കും ബൈതുൽമഖ്ദിസിനുമിടക്കുള്ള ഭൂമിശാസ്ത്രപരമായ അകലവും ആകാശ ഭൂമികൾക്കിടയിലെ വലിയഅകലവും ഒന്നാം ആകാശത്തിനും *സിദ്റതുൽമുൻതഹാ*ക്കുമിടക്കുള്ള അകലവുമൊക്കെ കടന്ന് അവസാനം അതേ രാത്രി തന്നെ അവിടന്ന് മക്കയിൽ തിരിച്ചെത്തി. മക്കയിൽനിന്ന് ബൈത്തുൽമഖ്ദിസ് വരെയുള്ള *ഇസ്രാഅ്* നെക്കുറിച്ച് സൂറതുൽഇസ്രാഇലും അവിടന്നങ്ങോട്ടുള്ള ആകാശാരോഹണത്തെക്കുറിച്ച് സൂറതുന്നജ്മിലും പ്രതിപാദനമുണ്ട്.

**3. നബി(ﷺ) മഴക്കുവേണ്ടി പ്രാർത്ഥിച്ചപ്പോൾ മഴ പെയ്തതും മഴ നിലയ്ക്കാൻവേണ്ടി പ്രാർത്ഥിച്ചപ്പോൾ മഴ നിലച്ചതും മറ്റൊരു ദൃഷ്ടാന്തമാണ്.**

അനസുബ്ൻ മാലിക്(رضي الله عنه)വിൽനിന്ന് ബുഖാരിയും മുസ്‌ലിമും ഉദ്ധരിക്കുന്ന ഒരു നബിവചനം കാണുക:

"*നബി(ﷺ)യുടെ കാലത്ത് ഒരിക്കൽ ക്ഷാമം നേരിട്ടു-*

അങ്ങനെ അവിടന്ന് വെള്ളിയാഴ്ച ഖുതുബ നിർവ്വഹിച്ചുകൊണ്ടിരിക്കെ ഒരു ഗ്രാമീണൻ വന്ന് ഇങ്ങനെ പറഞ്ഞു:

'ദൂതരേ, സ്വത്തുകളൊക്കെ നശിച്ചു. കുടുംബം പട്ടിണിയിലാണ്. അതിനാൽ, ഞങ്ങൾക്കുവേണ്ടി അവിടന്ന് പ്രാർത്ഥിച്ചാലും.'

ഉടനെ അവിടന്ന് കൈകളുയർത്തി പ്രാർത്ഥിച്ചു. അന്നേരം ആകാശത്ത് ഒരു തുണ്ട് മേഘംപോലുമുണ്ടായിരുന്നില്ല. അല്ലാഹു തന്നെ സത്യം!. നബി(ﷺ) കൈകൾ താഴ്ത്തിയതോടെ പർവ്വത സമാനം മേഘം ആകാശത്ത് പ്രത്യക്ഷപ്പെട്ട് ഇളകിമറിയാൻതുടങ്ങി. നബി(ﷺ) പ്രസംഗ പീഠത്തിൽ നിന്നിറങ്ങുമ്പോഴേക്കും റസൂൽ(ﷺ)യുടെ താടിയിലൂടെ വെള്ളമൊലിച്ചിറങ്ങുന്നുണ്ടായിരുന്നു. അന്നുംപിറ്റേന്നും അടുത്ത വെള്ളിയാഴ്ചവരെയും ഞങ്ങൾക്ക് മഴ കിട്ടി. അടുത്ത വെള്ളിയാഴ്ച അതേ ഗ്രാമീണൻ (അല്ലെങ്കിൽ-മറ്റൊരാൾ) വന്ന് നബി(ﷺ)യോട് പറഞ്ഞു:

"ദൂതരേ, എടുപ്പുകളെല്ലാം നിലംപൊത്തുകയും സ്വത്തുകളൊക്കെ വെള്ളത്തിലാവുകയും ചെയ്തിരിക്കുന്നു. അതിനാൽ അവിടന്ന് ഞങ്ങൾക്കായി പ്രാർത്ഥിച്ചാലും."

അപ്പോൾ നബി(ﷺ) കൈകളുയർത്തി ഇങ്ങനെ പ്രാർത്ഥിച്ചു:

(( اللهم حوالينا ولا علينا .......... ))

"അല്ലാഹുവേ, നീ ഞങ്ങളിൽനിന്ന് മഴയെ അയൽ പ്രദേശങ്ങളിലേക്ക് തിരിച്ചുവിടേണമേ........."

*അങ്ങനെ നബി(ﷺ) ആംഗ്യംകാണിച്ചുകൊണ്ടിരുന്ന ദിശയിൽനിന്ന് മേഘം നീങ്ങിക്കൊണ്ടിരുന്നു. അങ്ങനെ മഴനിലച്ച് ഞങ്ങൾ വെയിലത്ത് നടന്നുപോയി.*

## വിരലുകൾക്കിടയിലെ ഉറവ.

ജാബിർ(رضي الله عنه)വിൽനിന്ന് ബുഖാരിയും മുസ്‌ലിമും ഉദ്ധരിച്ച സംഭവവും നബി(ﷺ)യുടെ ദൃഷ്ടാന്തങ്ങളിൽപെട്ടതാണ്. അതിപ്രകാരമാണ്:

ഹുദൈബിയാ ദിവസം ജനങ്ങൾക്ക് ദാഹംനേരിട്ടു. അപ്പോൾ, നബി(ﷺ)യുടെ മുമ്പിൽ വെള്ളത്തിന്റെ ഒരു പാത്രമുണ്ടായിരുന്നു. അതിൽനിന്ന് അവിടന്ന് വുദൂചെയ്തു. പിന്നെ ജനങ്ങൾ നബി(ﷺ)യുടെ അടുത്തുവന്ന് ഇങ്ങനെ പറഞ്ഞു:

*'ഞങ്ങൾക്ക് കുടിക്കാനും വുദുചെയ്യാനും ഇക്കാണുന്ന പാത്രത്തിലെ വെള്ളമല്ലാതെ വേറെയില്ല.'*

*നബി(ﷺ) ആ പാത്രത്തിൽ കൈവെച്ചു. അപ്പോൾ അവിടത്തെ വിരലുകൾക്കിടയിലൂടെ വെള്ളം ഉറവപോലെ ഒഴുകിവന്നു. ജാബിർ(رضي الله عنه) പറയുകയാണ്: 'അങ്ങനെ ഞങ്ങൾ കുടിക്കുകയും വുദു എടുക്കുകയുംചെയ്തു.'*

*'അന്ന് നിങ്ങളെത്ര പേരുണ്ടായിരുന്നുവെന്ന് ചോദിച്ചപ്പോൾഅദ്ദേഹം പറഞ്ഞത് ഇങ്ങനെയായിരുന്നു:*

*'ഞങ്ങളന്ന് ആയിരത്തഞ്ഞൂറ് പേരുണ്ടായിരുന്നു; ഒരു ലക്ഷം പേരുണ്ടെങ്കിൽപോലും ഞങ്ങൾക്ക് ആ വെള്ളം മതിയാകുമായിരുന്നു.'*

ഭക്ഷണത്തിൽ വർധനവ്.

ഖന്തഖ് ദിനത്തിൽ സംഭവിച്ചതുപോലെ ഭക്ഷണത്തിൽ വർധനവുണ്ടായതും മറ്റൊരു ദൃഷ്ടാന്തമാണ്. അബൂഹുറയ്റ (رضي الله عنه), അഹ്ലുസ്സുഫ്ഫയോടൊപ്പമായിരിക്കെ ഒരിക്കൽ ഇതുപോലെ ഭക്ഷണത്തിൽ വർധനവുണ്ടായിട്ടുണ്ട്.

ഭാവിയിൽ സംഭവിക്കാനുള്ളതായി നബി(ﷺ) പറഞ്ഞ, *ഗൈബിയായ* കാര്യങ്ങൾ നബി(ﷺ)യുടെ കാലത്തും ശേഷവും അവിടന്ന് പറഞ്ഞപോലെത്തന്നെ സംഭവിച്ചിട്ടുണ്ട്. ഇതും നബി(ﷺ)യുടെ ദൃഷ്ടാന്തങ്ങളിൽപെട്ടതാണ്. അതിന്റെ ചില ഉദാഹരണങ്ങൾ:

1. ഉമർ(رضي الله عنه)വിൽനിന്ന് അനസുബ്ൻമാലിക്(رضي الله عنه) ഉദ്ധരിക്കുന്ന ഒരു സംഭവം ഇമാം മുസ്‌ലിം രേഖപ്പെടുത്തിയിട്ടുണ്ട്. ഉമർ(رضي الله عنه) പറയുന്നു:

'ബദ്ർ യുദ്ധം ആരംഭിക്കുന്നതിനുമുമ്പുതന്നെ അവിടെ മരിച്ചുവീഴുന്ന പല വ്യക്തികളെപ്പറ്റിയും നബി(ﷺ) ഞങ്ങൾക്ക് പറഞ്ഞുതന്നിരുന്നു. *ഇൻശാഅല്ലാഹ്* ഇന്ന വ്യക്തിയുടെ പതന സ്ഥാനമാണിത്. 'ഇന്ന വ്യക്തിയുടെ പതനസ്ഥാനമാണിത്' എന്നിങ്ങനെ അവിടന്ന് പറയുമായിരുന്നു. നബി(ﷺ)യെ സത്യവുമായി നിയോഗിച്ച അല്ലാഹുതന്നെ സത്യം; അവിടന്ന് നിർണയിച്ച പരിധി ഒട്ടും ലംഘിക്കാതെത്തന്നെ അത് സംഭവിച്ചു.'

2. ഹിജാസിന്റെ ഭൂമിയിൽ ഒരു തീ ആളിപ്പടരുമെന്നും അതിന്റെ വെളിച്ചത്തിൽ ബുസ്റയിലെ ഒട്ടകങ്ങളുടെ പിരടികൾ

തിളങ്ങിക്കാണുമെന്നും റസൂൽ(ﷺ) പറയുകയുണ്ടായി.

അബൂഹുറയ്റ(رضي الله عنه)യിൽനിന്ന് ഇമാംബുഖാരി ഇപ്രകാരം രേഖപ്പെടുത്തുന്നു:

(( لا تقوم الساعة حتى تخرج نار من أرض الحجاز، تضيء لها أعناق الابل ببصرى ))

*"ഹിജാസിന്റെ ഭൂമിയിൽ ഒരു തീ ആളിപ്പടരുകയും അതിന്റെ വെളിച്ചത്തിൽ ബുസ്റയിലെ ഒട്ടകങ്ങളുടെ പിരടികൾ തിളങ്ങിക്കാണുകയും ചെയ്യുന്നതുവരെ അന്ത്യനാൾ സംഭവിക്കുകയില്ല."*

ഹിജ്റ 654 ജുമാദുൽആഖിറിൽ മദീനയുടെ കിഴക്കുഭാഗത്ത് ഈ തീ പ്രകടമാവുകയും ഒരു മാസക്കാലം അത് നീണ്ടുനിൽക്കുകയും ജനങ്ങൾക്ക് ബുസ്രയിലെ(ശാം നാടുകളിലാണ് ബുസ്ര)ഒട്ടകങ്ങളുടെ പിരടികൾ കാണാൻ സാധിക്കുകയുമുണ്ടായി. ശൈഖുൽഇസ്ലാം ഇബ്നുതൈമിയ(رحمه الله) പറയുന്നു:

"ഈ അഗ്നി, കല്ലിനെ കരിച്ചുകളയുമായിരുന്നു."

വരാനിരിക്കുന്ന കുഴപ്പങ്ങളെപ്പറ്റിയും ജനങ്ങളുടെ അവസ്ഥകളിൽ വരാനിരിക്കുന്ന മാറ്റങ്ങളെപ്പറ്റിയുമൊക്കെ പ്രവചിച്ചതും നബി(ﷺ)യുടെ ദൃഷ്ടാന്തങ്ങളിൽപെടുന്നു.

നബി(ﷺ)യുടെ ദൃഷ്ടാന്തങ്ങൾ നിരവധിയാണ്. അത്തരത്തിൽ ഒരുപാട് കാര്യങ്ങൾ ഉലമാക്കൾ രേഖപ്പെടുത്തിയിട്ടു

ണ്ട്. ഇവ്വിഷയകമായി ഞാൻ കണ്ടതിൽ വെച്ചേറ്റവും ബൃഹത്തായത് ഇബ്നുകഥീറി(رحمه الله)ന്റെ ചരിത്രഗ്രന്ഥമാണ്. നബി(ﷺ)യുടെ ദൃഷ്ടാന്തങ്ങളെക്കുറിച്ച് അദ്ദേഹം വലിയൊരു വാള്യം തന്നെ എഴുതിയിട്ടുണ്ട്. എല്ലാ നബിമാർക്കും നൽകപ്പെട്ട ദൃഷ്ടാന്തങ്ങളെപ്പോലെയോ അതിനേക്കാൾ മഹത്തരമായതോ ആയ ദൃഷ്ടാന്തങ്ങൾ റസൂൽ(ﷺ)ക്ക് അല്ലാഹു നൽകിയിട്ടുണ്ടെന്ന് അദ്ദേഹം പറയുകയുണ്ടായി.

തന്റെ ദൂതന്മാരിലൂടെയും ഔലിയാക്കളിലൂടെയും അല്ലാഹു പ്രകടമാക്കുന്ന ഇത്തരം ദൃഷ്ടാന്തങ്ങളെല്ലാം അല്ലാഹുവിന്റെ സമ്പൂർണമായ അറിവിനും കഴിവിനും കാരുണ്യത്തിനുമുള്ള ദൃഷ്ടാന്തമാണ്. എല്ലാകാര്യങ്ങളും അല്ലാഹുവിന്റെ കൈയിലാണെന്നും അത് അവന്റെ ഇഷ്ടത്തിനനുസരിച്ചാണ് സംഭവിക്കുന്നതെന്നും ആർക്കും അവൻ പ്രവർത്തിക്കുന്നതിനെപ്പറ്റി ചോദ്യം ചെയ്യാൻ അധികാരമില്ലെന്നും, മറ്റുള്ളവരെല്ലാം പ്രവർത്തിക്കുന്നത് ചോദ്യം ചെയ്യപ്പെടുമെന്നുമുള്ള കാര്യത്തിന് സാക്ഷ്യം വഹിക്കുന്നു.

(فلله الحمد والمنة سبحانه لا نحصى ثناء عليه هو كما أثنى على نفسه.....وصلى
الله على نبينا محمد وآله وصحبه.....)

# الحكمة في إرسال الرسل

(باللغة المليبارية)

الشيخ / محمد بن صالح العثيمين رحمه الله

അല്ലാഹു തൃപ്തിപ്പെടുന്ന വിധത്തിൽ അവനെ എങ്ങനെ ആരാധിക്കണം? സമുദായത്തിലെ വിവിധ വിഭാഗങ്ങളെ പാരസ്പര്യപ്പെടുത്തുന്ന രീതിയിൽ എങ്ങനെ നിയമം നിർമിക്കാം? ഇത്യാദി കാര്യങ്ങൾ സ്രഷ്ടാവായ അല്ലാഹുവിന് മാത്രമേ സമഗ്രമായറിയൂ. അല്ലാഹു തന്റെ ദൂതന്മാർക്ക് വഹ്‌യ് ആയി നൽകിയ കലർപ്പില്ലാത്ത സന്ദേശം ഉൾക്കൊണ്ട് ജീവിക്കുകയെന്നതാണ് മനുഷ്യന്റെ ബാധ്യത.

സൃഷ്ടികളിൽ നന്മവരുത്താനും അവർക്കുമീതെ ന്യായംസ്ഥാപിക്കാനും വേണ്ടിയാണ് അല്ലാഹു ദൂതന്മാരെ നിയോഗിച്ചതും ഗ്രന്ഥങ്ങളവതരിപ്പിച്ചതും.